വിഷമാവസ്ഥ സൃഷ്ടിക്കുകയും സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്നതിനാൽ അത്തരത്തിലുള്ള അനധികൃതവും നിയമവിരുദ്ധവുമായ പരിവർത്തനങ്ങൾ ആരംഭത്തിൽ തന്നെ തടയുന്നതിനും ഭൂമിയുടെ തരം അതേ നിലയിൽ സംരക്ഷിക്കുന്നതിനും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് 23 പ്രകാരമുള്ള നടപടികളും അച്ചടക്ക നടപടികളും സ്വീകരിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. മേൽപ്പടി സാഹചര്യത്തിൽ അനുമതിയില്ലാതെ പാലം പണി ആരംഭിച്ചതിൽ മേൽ വകുപ്പ് പ്രകാരം നടപടി സ്വീകരിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിനോടും അഭിപ്രായം ആരായുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ പൊതുമരാമത്ത് (പാലം) വിഭാഗം ചീഫ് എഞ്ചിനീയറോട് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെയായി റിപ്പോർട്ട് ലഭ്യമായിട്ടില്ല. മേൽപ്പടി വിഷയത്തിൽ അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം പ്രസ്തുത വിഷയം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(4) <u>വീടിന് സമീപത്തുള്ള വിദ്യാലയങ്ങളിലേയ്ക്ക് മാറുന്നതിന് അനുമതി</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കേരളപ്പിറവി ദിനമായ നവംബർ 1 വളരെയധികം ശ്രദ്ധേയമാവുകയാണ്. കാരണം, 18 മാസക്കാലത്തെ ഇടവേളയ്ക്കുശേഷം സ്കൂളുകളുടെ പ്രവർത്തനം ആരംഭിക്കുകയാണ്. കോവിഡ് മഹാമാരിയെത്തുടർന്ന് സ്കൂളുകൾ അടച്ചിട്ട് 18 മാസം പിന്നിടുന്നു. സ്കൂളുകൾ തുറക്കാതെ നമുക്ക് ഏറെക്കാലം മുന്നോട്ടുപോകാൻ സാധിക്കില്ല. കാരണം, വിദ്യാർത്ഥികൾക്ക് ഓഫ്‌ലൈനിലൂടെ മാത്രമേ കാര്യങ്ങൾ പഠിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരമൊരു പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ സ്കൂളുകൾ പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചത്. വളരെയധികം കരുതലും തയ്യാറെടുപ്പും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നതിനെ അഭിനന്ദിക്കുകയാണ്. രക്ഷിതാക്കളുടെ ആശങ്കയാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ള പ്രധാന കാര്യം. കുട്ടികൾ പലകാരണങ്ങളാൽ വീട്ടിൽനിന്നും വളരെയകലെയാണ് പഠിക്കുന്നത്. അവർ സഞ്ചരിക്കുന്നത് ഒന്നുകിൽ സ്വകാര്യവാഹനത്തിലോ സ്കൂൾ ബസ്സിലോ/സ്വകാര്യ ബസ്സിലോ ആണ്. ഇത്തരം വാഹനങ്ങളിൽ സഞ്ചരിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ കോവിഡിന്റെ പശ്ചാത്തലത്തിൽ അത്തരമൊരു യാത്ര ഒഴിവാക്കാൻവേണ്ടി കുട്ടികളെ തൊട്ടടുത്ത ഗ്രാമത്തിലെ സ്കൂളിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ, രക്ഷിതാക്കൾ ടി.സി. വാങ്ങാനായി സ്കൂളിലേയ്ക്ക് പോകുമ്പോൾ പല കാരണങ്ങൾ പറഞ്ഞ് ഹെഡ്മിസ്ട്രസ്സും മറ്റ് അദ്ധ്യാപകരും ടി.സി. കൊടുക്കാത്ത പശ്ചാത്തലമുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ, കുട്ടികളുടെ ആരോഗ്യത്തെക്കുറിച്ചും സുരക്ഷയെക്കുറിച്ചും ആലോചിച്ച് ടി.സി. വാങ്ങാൻ തയ്യാറാകുന്ന രക്ഷിതാക്കൾക്ക് അവരുടെ വീടിനടുത്തുള്ള സ്കൂളിൽ പഠിക്കാനാവശ്യമായ സൗകര്യമൊരുക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ. അവതരിപ്പിച്ച ഈ വിഷയം കേരളത്തിലെ നല്ലൊരു ശതമാനം വിദ്യാർത്ഥികളും രക്ഷിതാക്കളും പ്രത്യക്ഷമായും പരോക്ഷമായും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. സഭയുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ വിഷയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ടി.സി. കൊടുക്കുന്ന കാര്യത്തിൽ അൺ എയ്ഡഡ്/എയ്ഡഡ്/ഗവൺമെന്റ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ അവർക്ക് ഇഷ്ടമുള്ള ചില നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. രക്ഷിതാക്കൾ പരാതിയുമായി വരുന്ന അവസരത്തിലാണ് മന്ത്രിതലത്തിലോ വിദ്യാഭ്യാസ ഡയറക്ടർ തലത്തിലോ ഇതുസംബന്ധിച്ച് അറിയുന്നത്. കോവിഡ് കാലഘട്ടത്തിൽ ടി.സി. സംബന്ധിച്ച പ്രശ്നം വന്നിരുന്നു. ചില അൺ എയ്ഡഡ് വിദ്യാലയങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്ന കാലഘട്ടത്തിൽ അടച്ചുതീർക്കേണ്ട മുഴുവൻ ഫീസും അടച്ചുതീർത്താൽ മാത്രമേ ടി.സി. നൽകുകയുള്ളൂവെന്ന നിലപാട് സ്വീകരിച്ചിരുന്നു. മറ്റൊരു വിദ്യാലയത്തിലേയ്ക്ക് മാറുന്നതിന് ടി.സി.-യുടെ ആവശ്യമില്ലെന്നും രക്ഷകർത്താവിന്റെ സെൽഫ് ഡിക്ലറേഷൻ കൊടുത്താൽ ആ സ്കൂളിൽ കുട്ടിയെ ചേർക്കണമെന്നുള്ള ഒരു നിർദ്ദേശം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയിരുന്നു. ചില സ്ഥലങ്ങളിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ മാനേജ്മെന്റ് ടി.സി. വാങ്ങാതെ മറ്റ് വിദ്യാലയങ്ങളിലേയ്ക്ക് മാറിയ കുട്ടികൾക്കെതിരെ കോവിഡ് കാലഘട്ടത്തിലെ ഫീസ് ഈടാക്കുന്നതിനു വേണ്ടിയുള്ള വക്കീൽ നോട്ടീസ് അയച്ചിരിക്കുകയാണ്. അത് വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് കാണുന്നുവെന്ന കാര്യം സഭയെയും ബഹുമാനപ്പെട്ട മെമ്പറെയും അറിയിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം ലക്ഷദ്വീപിൽനിന്നും ഇവിടെ ചേരാൻ വന്ന ഒരു വിദ്യാർത്ഥിക്ക് പഠിച്ച സ്കൂളിലെ ടി.സി.ഉണ്ടെങ്കിലും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് അഡ്മിഷൻ നൽകാതിരിക്കുകയും പ്രത്യേക സ്വഭാവ സർട്ടിഫിക്കറ്റുകൂടി ലക്ഷദ്വീപിൽനിന്നും വാങ്ങിക്കൊണ്ടുവരാൻ ആവശ്യപ്പെടുകയും ചെയ്തു. സ്കൂളിന്റെ പേരൊന്നും ഞാനിവിടെ പരാമർശിക്കുന്നില്ല. ഇങ്ങനെയൊക്കെ പെരുമാറുന്ന ഉദ്യോഗസ്ഥർ ഉദ്യോഗസ്ഥ വൃന്ദത്തിലുണ്ടെന്ന കാര്യം പരാമർശിക്കുകയാണ്. നാട്ടുകാരെയും ജനങ്ങളെയും എങ്ങനെ ബുദ്ധിമുട്ടിക്കാമെന്ന് ചിന്തിക്കുന്ന ഉദ്യോഗസ്ഥർ വിരളമായെങ്കിലും നമ്മുടെ വകുപ്പുകളിലുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഇത് ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ പ്രശ്നമായി കാണേണ്ടതില്ല. പ്രസ്തുത വിഷയത്തിൽ മന്ത്രിയുടെ ഓഫീസിൽനിന്ന് ഇടപെടുകയും ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറോട് അഡ്മിഷൻ നൽകാൻ പറയുകയും ചെയ്തു. അതുപോലൊരു പ്രധാനപ്പെട്ട വിഷയമാണ് ശ്രീ. എ. എൻ. ഷംസീർ,

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ. ഇവിടെ ഉന്നയിച്ച വിഷയം. ടി. സി. ആവശ്യപ്പെടുന്ന ഏതൊരു കുട്ടിക്കും വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുംപ്രകാരം സ്കൂളിലെ പ്രധാനാദ്ധ്യാപകൻ ടി.സി. നൽകേണ്ടതും അതിന് വിരുദ്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥൻ പെരുമാറിയാൽ അത് നിയമവിരുദ്ധവുമാണ്. അങ്ങനെ പെരുമാറുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടിയെടുക്കുമെന്നുള്ള കാര്യം സഭയെ അറിയിക്കാനാഗ്രഹിക്കുകയാണ്. ക്ലാസ്സിലെ കുട്ടികളുടെ എണ്ണത്തിലും പ്രശ്നമുണ്ട്. ചേരാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെ ഭൗതിക സാഹചര്യംകൂടി കണക്കിലെടുത്ത് മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ. ഇത് ടി. സി. വാങ്ങുന്ന രക്ഷകർത്താക്കളും വിദ്യാർത്ഥികളും ശ്രദ്ധിക്കേണ്ടതാണ്. ഹയർ സെക്കണ്ടറി സ്കൂൾ ട്രാൻസ്ഫർ സിംഗിൾ വിൻഡോ അഡ്മിഷൻ നടപടിക്രമം അനുസരിച്ചായിരിക്കും നടത്തുകയെന്നുള്ള കാര്യം ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. വളരെ ഗൗരവമുള്ള വിഷയമായതിനാൽ ഇക്കാര്യത്തെ സംബന്ധിച്ച് കേരളമാകെ അറിയേണ്ടതാണ്. നവംബർ 1-ാം തീയതി സ്കൂൾ തുറക്കുന്നതിനാൽ അതിനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തി ഇതുമായി ബന്ധപ്പെട്ട എല്ലാ മേഖലകളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ആരോഗ്യവകുപ്പുമന്ത്രി, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നിങ്ങനെ വിദ്യാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ മന്ത്രിമാരും സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. സ്കൂൾ തുറക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള അന്തിമമായ രൂപരേഖ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ ടി. സി. വാങ്ങുന്നത് പ്രധാനപ്പെട്ടൊരു വിഷയമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് നിലപാട് സഭയെ അറിയിക്കുകയാണ്.

## (5) കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്കരണം

ശ്രീ. പി. മമ്മിക്കുട്ടി: സർ, 1990-ൽ സഖാവ് നായനാർ ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ കേരള കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതി നടപ്പിലാക്കിയിട്ട് 30 വർഷം കഴിഞ്ഞു. അതിനിടയിൽ ആറ് ഗവൺമെന്റുകൾ മാറിവന്നു. അതിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഉണ്ടായിരുന്നു. ഈ പദ്ധതി വിഭാവനം ചെയ്ത സമയത്ത് രണ്ട് രൂപയാണ് അംശദായം തീരുമാനിച്ചത്. രണ്ട് രൂപ വീതം സമാഹരിച്ചാൽ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ തീരുമാനപ്രകാരം 2008-ൽ അംശദായം 5 രൂപയാക്കി വർദ്ധിപ്പിച്ചു. അതിനെത്തുടർന്ന് ആനുകൂല്യങ്ങളുടെ കുടിശ്ശിക വന്നപ്പോൾ 2006-2011-ൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അന്നുവരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly